കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

e-mail:doklm.ksad@kerala.gov.in

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)**

നം.കെ.എസ്.എ-കെ.എൽ.എം/പി-10/403/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി :09/04/2019

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന)**

ശാസ്താംകോട്ട ബ്ലോക്ക്പഞ്ചായത്ത്.

സർ,

വിഷയം : ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത്-2017-2018 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ശാസ്താംകോട്ട ബ്ലോക്ക്പഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3-ലെ 3-12 ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട്

കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഒാഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-കെ.എൽ.എം./പി-10 /403/2019 തീയതി :09/04/2019

## കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക്പഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

കൊല്ലം ജില്ലയിലെ ശാസ്താംകോട്ട ബ്ലോക്ക്പഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക്പഞ്ചായത്ത് 01/11/2017 മുതൽ 13/02/2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 06 എണ്ണത്തിന് മാത്രമേ മറുപടി ലഭിച്ചിട്ടുള്ളൂ. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്തശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ജി.ബിനുകുമാർ,<br>സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 14/2/19 മുതൽ 16/2/19 തീയതി വരെയും,<br>21/2/19 മുതൽ 23/2/19 തീയതി വരെയും. | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.വി.മണിലാൽ | ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്) |
| | ശ്രീ.ശശിജോഷ് | അസി.ഓഡിറ്റ് |

| | | |
|---|---|---|
| | | ഓാഫീസർ |
| | ശ്രീമതി.സുനിത സെബാസ്റ്റ്യൻ | ഓാഡിറ്റർ |

## ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.എ.സുമ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ.റ്റി.ഗോപാലകൃഷ്ണപിള്ള | 01.04.2017 മുതൽ 31.05.2017 വരെ |
| | ശ്രീമതി.സി.രമണി | 1.06.2017 മുതൽ 27.06.2017 വരെ |
| | ശ്രീ.അബ്ദുൾസലാം ഇ. | 28.06.2017 മുതൽ 31.03.2018 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, ശൂരനാട് | ഡോ.ഫിലിപ്പ് തോമസ് വൈദ്യൻ | 1.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ, സി.എച്ച്.സി, മൈനാഗപ്പള്ളി | ഡോ.വീണ രാജ് | 1.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, (താലൂക്ക് ഹോസ്പിറ്റൽ) | ഡോ.സുനിൽകുമാർ | 1.04.2017മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ബീന .ബി.എച്ച് | 01.04.2017മുതൽ 18.07.2017വരെ |
| | ശ്രീമതി.ഷിബി ചക്രവർത്തി | 19.07.2017മുതൽ 31.03.18 വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീമതി.ബിജുസുന്ദർ | 01.04.2017തൽ 19.01.2018 വരെ |
| | ശ്രീ.സുനിൽ (ഇൻചാർജ്ജ്) | 20.01.2018മുതൽ 31.01.2018 വരെ |
| | ശ്രീമതി. സിന്ധു പി.റ്റി. | 1.02.2018മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ശിശുവികസന ഓഫീസർ | ശ്രീമതി.മീന കുമാരി.എം.എസ്സ് | 1.04.2017മുതൽ 31.03.2018 വരെ |
| ശിശുവികസന ഓഫീസർ, ശാസ്താംകോട്ട അഡീഷണൽ | ശ്രീമതി.രജനി കെ | 1.04.2017 മുതൽ 30.06.2017 വരെ |
| | ശ്രീമതി.ശ്രീരഞ്ജിനി | 1.07.2017 മുതൽ 30.10.2017വരെ |
| | ശ്രീമതി.അഞ്ജന | 31.10.2017 മുതൽ 11.12.2017വരെ |
| | ശ്രീമതി.ഉഷാകുമാരി | 12.12.2017മുതൽ 31.3.2018 വരെ |
| കൃഷി അസി.ഡയറക്ടർ | ശ്രീ.എസ്.ജെ.ഹരികുമാർ | 1.04.2017മുതൽ 31.03.2018 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.പ്രേംകുമാർ ആനന്ദ് | 1.4.2017 മുതൽ 18-07-17 വരെ |
| | ഡോ. അജിലാസ്റ്റ് | 19.07.2017മുതൽ 31.03.2018 വരെ |
| അസി.എക്സി.എഞ്ചിനിയർ | ശ്രീമതി.ഷൈജ.ബി. | 01.04.2017 മുതൽ 31.03.2018 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |

| | | |
|---|---|---|
| 10 | ആഭ്യന്തരനിയന്ത്രണം | 1–10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1–11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1–12 |
| | ഭാഗം 2 | |
| 13 | സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല | 2–1 |
| | ഭാഗം 3 | |
| 14 | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിദേശതൊഴിൽ ലഭ്യമാക്കാൻ ധനസഹായം- ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചില്ല. | 3–1 |
| 15 | പട്ടികജാതി വിദ്യാർത്ഥികൾക്ക് മെരിട്ടോറിയസ് സ്കോളർഷിപ്പ് - ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചില്ല. | 3–2 |
| 16 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച് | 3–3 |
| 17 | പാലിന് സബ്സിഡി- വിനിയോഗ വിവരം ലഭ്യമാക്കിയില്ല. | 3–4 |
| 18 | സ്വയം സഹായസംഘങ്ങൾക്ക് കറവപ്പശു വിതരണം- ഇൻഷ്വറൻസ് രേഖകൾ ലഭ്യമാക്കിയില്ല. | 3–5 |
| 19 | ബ്ലോക്കുപഞ്ചായത്ത് ഓഫീസിന് റീവയറിംഗ്- ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി. | 3–6 |
| 20 | വേതനം നല്കിയ ഇനത്തിൽ പ്രതിമാസ പരമാവധി പരിധി പാലിച്ചിട്ടില്ല. | 3–7 |
| 21 | കമ്പ്യൂട്ടർ ഓപ്പറേറ്റിംഗ് സിസ്റ്റം - ഒറിജിനൽ ലഭ്യമായില്ല 39,600/- രൂപ നിരാകരിക്കുന്നു | 3–8 |
| 22 | സംയുക്ത പ്രോജക്ട് - മുഴുവൻ തുകയും ബ്ലോക്ക് പഞ്ചായത്ത് നൽകി. | 3–9 |
| 23 | പദ്ധതി പൂർത്തീകരണ ധനവിനിയോഗ വിവരങ്ങൾ ഇല്ല. | 3–10 |
| 24 | സംയുക്ത പ്രോജക്ടുകൾ - ശേഷിക്കുന്ന തുക തിരിച്ചടച്ചില്ല, വിനിയോഗരേഖകൾ ഇല്ല | 3–11 |
| 25 | വനിതാ ഘടകപദ്ധതി ഫണ്ട് വകയിരുത്തൽ - മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല. | 3–12 |
| 26 | മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3–13 |
| | ഭാഗം 4 | |

| | | |
|---|---|---|
| 27 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 28 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 29 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 30 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 31 | സ്ഥിര നിക്ഷേപം | 4-5 |
| 32 | ഓഡിറ്റ് റിക്കവറി | 4-6 |
| 33 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 34 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 37 | അനുബന്ധം -1, ഓഡിറ്റ് സാക്ഷ്യപത്രം 2017-18 | 1 |
| 38 | അനുബന്ധം -2, അനുബന്ധപത്രികകൾ | 2 |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബജറ്റ്

7/3/17 തീയതിയിലെ 1ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/7/18 | 19/6/18 | - | - |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2017-18 | 30/8/18,31/8/18 | കെ.എസ്.എ.കെ.എൽ.എം., പി10/1598/18,തീ.11/9/18 |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 5,89,40,480 |
| വരവ് | 13,86,98,217 |
| ആകെ | 19,76,38,697 |
| ചെലവ് | 14,25,16,999 |
| നീക്കിയിരിപ്പ് | 5,51,21,698 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | - | 3,96,93,743 | 3,96,93,743 | 3,96,93,743 | - |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 2,45,77,000 | 2,45,77,000 | 2,45,77,000 | - |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 1,26,000 | 1,26,000 | 1,26,000 | - |

| | | | | | | |
|---|---|---|---|---|---|---|
| എം.ജി.എൻ.ആർ | | | 50,55,000 | 50,55,000 | 50,55,000 | 0 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | | - | 50,55,000 | 50,55,000 | 50,55,000 | - |
| മിസ്സലേനീയസ് (തനത് ഫണ്ട്) | | 2,000 | 5,29,289 | 5,31,289 | 2,83,359 | 2,47,930 |
| എം.എൽ.എ-എസ്സ്.ഡി.എഫ്. | | 14,31,188 | 73,14,836 | 87,46,024 | 80,81,320 | 6,64,704 |
| എസ്സ്.ഇ.സി.സി. | | 8,314 | 318 | 8,632 | - | 8,632 |
| റ്റി.എസ്സ്.സി. | | 17,37,057 | 1,30,788 | 18,67,845 | 18,52,330 | 15,515 |
| ഐ.എ.വൈ -സി.സി.എസ്സ്. | | 2,148 | - | 2,148 | 2,148 | - |
| എസ്സ്.ഐ.ജി.എൻ. | | 6,727 | 257 | 6,984 | - | 6,984 |
| എൻ.പി.ആർ.പി.ഡി. | | 9,702 | 371 | 10073 | - | 10073 |
| ഐ.എ.വൈ - അഡ്മിനിസ്ട്രേഷൻ | | 61,977 | 2,60,991 | 3,22,968 | 3,02,886 | 20,082 |
| കേരള ഗ്രാമീണ ബാങ്ക് റ്റി.എസ്സ്.സി. | | - | 17,97,101 | 17,97,101 | - | 17,97,101 |
| ട്രാക്കർ | | 731 | - | 731 | 204 | 527 |
| ഐ.എ.വൈ - പ്ളാൻ | | 4,20,29,297 | 3,51,78,463 | 7,72,07,760 | 2,60,22,137 | 5,11,85,623 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | - | 1,54,41,390 | 1,54,41,390 | 15189,302 | 2,52,088 |
| | ജില്ലാ പഞ്ചായത്ത് | 76,68,228 | 47,88,935 | 1,24,57,163 | 1,24,57,163 | - |
| തനത് ഫണ്ട് | ട്രഷറി അക്കൗണ്ട് | 59,83,111 | 37,98,985 | 97,82,096 | 88,74,407 | 9,07,689 |
| തനത് ക്യാഷ് | | | 4,750 | 4,750 | 0 | 4,750 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 108 | 8,14,22,000 | 97 | 8,14,22,000 | 8 | 3 | 90 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

## 1-7 തൊഴിലുറപ്പ് പദ്ധതി

ഇല്ല

## 1-8 ക്ഷേമ പദ്ധതികൾ

ഇല്ല

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21/2/19 ഉച്ചയ്ക്ക് 3.00 മണിയ്ക്ക് ഹെഡ് ക്ളാർക്കിൻെറ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് കളക്ഷൻ ഇല്ലായെന്ന് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

1.ഉദ്യോഗസ്ഥരുടെ ചുമതലകൾ വ്യക്തമായി നിർവ്വചിക്കുകയും രേഖാമൂലം വിഭജിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

2.ബജറ്റ് സംവിധാനത്തിലൂടെ വരവു ചെലവുകൾ അവലോകനം ചെയ്തു വരുന്നുണ്ട്.

3.അക്രൂവൽ അടിസ്ഥാനത്തിലുള്ള ഡബിൾ എൻട്രി സമ്പ്രദായത്തിലാണ് വാർഷിക കണക്കുകൾ തയ്യാറാക്കിയിരിക്കുന്നത്.

4.വരവുകൾ യഥാസമയം ബന്ധപ്പെട്ട ബാങ്ക് അക്കൗണ്ടുകളിലേക്ക് ഒടുക്കുവരുത്തുന്നുണ്ട്.

5.സാംഖ്യ സോഫ്റ്റ്‌വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ച് വരവുകൾ സ്വീകരിക്കുന്നതിന് പകരം കൈകൊണ്ടെഴുതുന്ന രസീതുകളാണ് ഉപയോഗിച്ചുവരുന്നത്.

6.കമ്പ്യൂട്ടർ രസീതുകൾ, കൈകൊണ്ടെഴുതുന്ന രസീതുകൾ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ കൃത്യമായി സൂക്ഷിക്കുന്നില്ല.

7.സാമ്പത്തിക വർഷാവസാനം ബാങ്ക് നീക്കിയിരിപ്പുകൾ പൊരുത്തപ്പെടുത്തുന്നുണ്ടെങ്കിലും എല്ലാ മാസങ്ങളിലും തുടർച്ചയായി ഇതുചെയ്തു സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

8.ഇടപാടുകളില്ലാത്ത ബാങ്ക് അക്കൗണ്ടുകൾ അവസാനിപ്പിച്ച് നീക്കിയിരിപ്പ് ബന്ധപ്പെട്ട ഫണ്ടുകളിലേക്ക് മാറ്റേണ്ടതുണ്ട്.

9.സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ സവിശേഷ നമ്പരുകൾ നല്കി ആസ്തിരജിസ്റ്ററിൽ ചേർത്ത് കാലികമാക്കുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/9/18 മുതൽ 19/9/18 വരെ | 2017-18 | 13/02/18 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് (തിരുവനന്തപുരം) | 1/6/16 മുതൽ 10/6/16 വരെ | 2012-13 മുതൽ 2015-16 വരെ | 23/12/2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് (തൃശ്ശൂർ) | 19/11/15 മുതൽ 20/11/15 വരെ | 7/2013 മുതൽ 10/2015വരെ | 30/12/15 |

## 1-12 വാർഷിക കണക്കിലെ മറ്റ് അപാകതകൾ

1.ട്രഷറി റ്റി.എസ്.ബി, എെ.എ.വൈ (പ്ലാൻ, റ്റി.എസ്.സി) അക്കൗണ്ടുകളുടെ മുന്നിരിപ്പു തുകകളിലെ വ്യത്യാസം ബാങ്ക് റീ കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് ഹാജരാക്കി വ്യക്തമാക്കിയിട്ടില്ല.

2.ട്രഷറി റ്റി.എസ്.ബി അക്കൗണ്ടിന്റെ ക്ലോസിംഗ് ബാലൻസ് വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

3.എെ.എ.വൈ (ജനറൽ) വരവു തുക എഎഫ്എസുമായി പൊരുത്തപ്പെടുന്നില്ല.

4.റവന്യൂ റിക്കവറിയിനത്തിൽ 70,000/-രൂപ വരവുണ്ടെങ്കിലും എഎഫ്എസ്-ൽ 56,000/- രൂപ മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

5.ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് എന്നയിനത്തിൽ, പാർട്ട് ബില്ലായി നൽകിയ 24,06,784/-രൂപ ഉൾപ്പെട്ടിട്ടില്ല.

6.ഡെപ്പോസിറ്റ് തുകകളുടെ ആധികാരികത പരിശോധിക്കാൻ ആവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

7.റവന്യൂറിക്കവറിയിനത്തിൽ സർക്കാരിലേയ്ക്ക് അടച്ച തുക ബാലൻസ് ഷീറ്റിലെ ബി9-ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്നു

8.കേരളോത്സവത്തിന്റെ വരവു തുകയായി RP-31-ൽ ഉൾപ്പെടുത്തിയിരിക്കുന്നത് പ്ലാൻഫണ്ടിൽ നിന്നും വകയിരുത്തിയ തുകയാണ്.

9. വാടക വരവ് തുക എ.എഫ്. എസുമായി പൊരുത്തപ്പെടുന്നില്ല

10. ഗ്രാമപഞ്ചായത്തിൽ നിന്നും സംയുക്ത പദ്ധതികൾക്ക് ലഭ്യമായ തുകയുടെ ആധികാരികത ബോധ്യപ്പെട്ടിട്ടില്ല.

## ഭാഗം -2

# വരവു കണക്കുകളിൻമേല്ലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല

കേരളപഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 83 പ്രകാരം പഞ്ചായത്തിൽ രസീതു ബുക്കുകൾ ലഭിച്ചാൽ ഉടനെ എണ്ണുകയും നമ്പരിടുകയും സ്റ്റോക്ക് ബുക്കിൽ ചേർക്കുകയും ചെയ്യേണ്ടതാണ്.

രസീത് ബുക്കുകളുടെ സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കുന്നില്ല. രസീത് ഇഷ്യൂ രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയത് പ്രകാരം മാനുവൽ രസീത് ബുക്ക് നം.219 ഹെഡ് ക്ലാർക്കിന് 29/3/17-ൽ ഇഷ്യൂ ചെയ്തതാണ് നിലവിലും ഉപയോഗിക്കുന്നത്. രസീതുകളുടെ സ്റ്റോക്ക് രജിസ്റ്റർ, ഉപയോഗിക്കാതെ അവശേഷിക്കുന്ന മാനുവൽ രസീതുകൾ ഇവ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയുടെ മറുപടിയോടൊപ്പം ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്ന മാനുവൽ രസീത് ബുക്ക് നം.220, 221 എന്നിവ ഹാജരാക്കി. എന്നാൽ സ്റ്റോക്ക് വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

സാംഖ്യാ രസീതുകൾ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതിൻെറ വിവരങ്ങളും ലഭ്യമല്ല. നിലവിൽ ഉപയോഗിക്കുന്ന സാംഖ്യാ രസീതുകളും, സ്റ്റോക്കിൽ അവശേഷിക്കുന്ന രസീതുകളുടെ വിവരവും ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിയുടെ മറുപടിയോടൊപ്പം സാംഖ്യാ രസീതുകൾ പരിശോധനയ്ക്ക് ഹാജരാക്കി.ടി സാംഖ്യാ രസീതുകൾ പരിശോധിച്ചതിൽ 2313501 മുതൽ 2314000 ശ്രേണിയിലുള്ള രസീതുകളാണ് നിലവിൽ ഉപയോഗിക്കുന്നതെന്നും, ഇതിൽ 2313501 മുതൽ 2313521 വരെയുള്ള രസീതുകൾ 23/1/16 വരെ ഉപയോഗിച്ചതെന്നും ബോദ്ധ്യപ്പെട്ടു.ബാക്കിയുള്ളവ ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുന്നു. 2017-18 സാമ്പത്തിക വർഷം മാനുവൽ രസീത് ബുക്ക് നം.219 ഉപയോഗിച്ച് പിരിച്ച തുകകൾ ഒന്നും തന്നെ ഇൻ്ററപ്റ്റഡ് രസീതായി സാംഖ്യാ സോഫ്റ്റ് വെയറിൽ അപ്പ് ലോഡ് ചെയ്ത് വരവിലെടുത്തിട്ടില്ല.

സാംഖ്യാ സമ്പ്രദായ പ്രകാരം ഓഫീസ് സിസ്റ്റത്തിൽ ആപ്ലിക്കേഷൻ പലപ്പോഴും ലഭ്യമല്ലാത്തതിനാലാണ് വ്യക്തികൾക്ക് മാനുവലായി രസീത് നൽകുന്നത് എന്നാണ് എൻക്വയറിക്ക് മറുപടി നൽകിയിരിക്കുന്നത്. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ സാംഖ്യാ രസീതുകൾ ഒന്നും തന്നെ ഉപയോഗിച്ചിട്ടില്ല എന്ന് വ്യക്തമാണെന്നിരിക്കെ ടി മറുപടി അംഗീകരിക്കുന്നില്ല. കേരളപഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 20(ഡി) പ്രകാരം അക്കൗണ്ടിംഗ് സമ്പ്രദായം കമ്പ്യൂട്ടർവത്ക്കരിക്കുമ്പോൾ കമ്പ്യൂട്ടർവത്കൃത രസീത് നൽകേണ്ടതും അതിനായി സർക്കാർ നിർദ്ദേശിക്കുന്ന നടപടിക്രമങ്ങൾ അവലംബിക്കേണ്ടതുമാണ്. എന്നാൽ ഇതും പാലിക്കപ്പെടുന്നില്ല.

**ഓഡിറ്റ് എൻക്വയറി നം.2,തീ.16/2/19**

# ഭാഗം -3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പട്ടികജാതി പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിദേശതൊഴിൽ ലഭ്യമാക്കാൻ ധനസഹായം- ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചില്ല.

പ്രോജക്റ്റ് നം. : 21/18

നിർവ്വഹണോദ്യോഗസ്ഥൻ :പട്ടികജാതി വികസന ഓഫീസർ

അടങ്കൽ : 4,00,000/-രൂപ

ഫണ്ടിനം : വികസനഫണ്ട്(എസ്.സി.പി.)

ചെലവ് : 4,00,000/-ബിൽ നം. :(1)6/16.8.2017=50,000/-രൂപ

(2)16/30.10.2017=1,50,000/-രൂപ

(3)18/18.11.2017=1,00,000/-രൂപ

(4)25/8.2.2018=1,00,000/-രൂപ

പട്ടികജാതി പട്ടികവർഗ്ഗവിഭാഗക്കാർക്ക് വിദേശതൊഴിൽ ലഭ്യമാക്കാൻ ധനസഹായം നൽകുന്ന ടി പ്രോജക്ട് പ്രകാരം തൻവർഷം വിവിധ ഗ്രാമപഞ്ചായത്ത് പരിധിയിലെ എട്ട് ഗുണഭോക്താക്കൾക്കായി 50,000/- രൂപ നിരക്കിൽ ആകെ 4,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താക്കളെ ബന്ധപ്പെട്ട ഗ്രാമസഭാ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകരിച്ചിട്ടില്ല. ഇവരെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ട് പട്ടികജാതി വികസന ഓഫീസർ 19.4.2018- ലെ എസ്.സി.ഡി./218/17 നം. കത്ത് മുഖേന ബ്ലോക്കുപഞ്ചായത്ത് സെക്രട്ടറിക്ക് എഴുതിയെങ്കിലും തുടർനടപടി ഉണ്ടായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അംഗീകൃതഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകിയ 4,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം. 7/22.2.2019.**

## 3-2 പട്ടികജാതി വിദ്യാർത്ഥികൾക്ക് മെരിട്ടോറിയസ് സ്കോളർഷിപ്പ് - ഗുണഭോക്തൃലിസ്റ്റ് അംഗീകരിച്ചില്ല.

പ്രോജക്റ്റ് നം. : 62/18

നിർവ്വഹണോദ്യോഗസ്ഥൻ :പട്ടികജാതി വികസന ഓഫീസർ

അടങ്കൽ : 15,30,000/-രൂപ

ഫണ്ടിനം : വികസനഫണ്ട്(എസ്.സി.പി.)

ചെലവ് : 15,30,000/-(ബിൽ നം. : 32/28.3.2018)

പട്ടികജാതി വിദ്യാർത്ഥികൾക്ക് മെരിട്ടോറിയസ് സ്കോളർഷിപ്പ് നൽകുന്നതിനുള്ള ടി പ്രോജക്റ്റ് പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകളിൽ നിന്നും ലഭ്യമായ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പട്ടവർക്കുപുറമെ 15 വിദ്യാർത്ഥികൾക്കുകൂടി ധനസഹായം നൽകുന്നതിനായി ആകെ 4,30,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഗുണഭോക്താക്കളെ ബന്ധപ്പെട്ട ഗ്രാമസഭാ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്തി അംഗീകരിച്ചിട്ടില്ല. ഇവരെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടുത്താൻ ആവശ്യപ്പെട്ട് പട്ടികജാതി വികസന ഓഫീസർ 18.4.2018- ലെ എസ്.സി.ഡി./62/18 നം. കത്ത് മുഖേന ബ്ലോക്കുപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് എഴുതിയെങ്കിലും തുടർനടപടി ഉണ്ടായിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് നൽകിയ 4,30,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം. 7/22.2.2019.**

## 3-3 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി- നിർമ്മാണം പൂർത്തിയാക്കാത്തത് സംബന്ധിച്ച്

പ്രോജക്റ്റ് നം. : 124/18(സ്പിൽ ഓവർ)

നിർവ്വഹണോദ്യോഗസ്ഥൻ :പട്ടികജാതി വികസന ഓഫീസർ

അടങ്കൽ :22,50,000/-രൂപ

ഫണ്ടിനം : വികസനഫണ്ട്(എസ്.സി.പി.)=22,22,250

തനതുഫണ്ട് =27,750/-രൂപ

ചെലവ് : 20,70,000/-രൂപ

പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി എന്ന ടി പ്രോജക്റ്റ് പ്രകാരം ധനസഹായത്തിന്റെ ആദ്യ രണ്ട് ഗഡുക്കൾ കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കൾ പഠനമുറിയുടെ നിർമ്മാണം നാളിതുവരെ പൂർത്തിയാക്കിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ വിവരം | കൈപ്പറ്റിയ ഗഡുക്കൾ | ബിൽ നം. |
|---|---|---|---|
| 1. | ശ്രീ ചന്ദ്രബാബു<br>ശ്രീധരവിലാസം<br>ശൂരനാട് വടക്ക് | 30000+40000 | 15/31.1.17,19/17.3.17 |
| 2. | ശ്രീ സുരേഷ് ബാബു | 30000+40000 | 15/31.1.17,19/28.3.17 |

| | | | |
|---|---|---|---|
| | ഗൗരീശങ്കരം<br>വേങ്ങ<br>മൈനാഗപ്പള്ളി | | |
| 3. | ശ്രീ അശോകൻ<br>നടുവിലതെക്കതിൽ<br>സൗത്ത്<br>മൈനാഗപ്പള്ളി. | 30000+40000 | 19/28.3.17,17/28.11.17 |

ടി ഗുണഭോക്താക്കൾ പഠനമുറി പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ നൽകിയ ധനസഹായം കരാർ പ്രകാരം തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-4 പാലിന് സബ്സിഡി- വിനിയോഗ വിവരം ലഭ്യമാക്കിയില്ല.

പ്രോജക്റ്റ് നം. : 14/18
നിർവ്വഹണോദ്യോഗസ്ഥൻ :ക്ഷീര വികസന ഓഫീസർ
അടങ്കൽ :38,00,000/-രൂപ
ഫണ്ടിനം : വികസനഫണ്ട്
ചെലവ് :38,00,000/-രൂപ
ബിൽ നം. :(1)1/30.9.2017=9,00,000
(2) 2/24.10.2017=22,00,000
(3)3/6.1.2018=3,00,000
(4)4/22.1.2018=4,00,000

പാലിന് സബ്സിഡി എന്ന ടി പ്രോജക്റ്റ് പ്രകാരം വികസനഫണ്ടിൽ നിന്നും താഴെപ്പറയും പ്രകാരം വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്കുവിഹിതം നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകകളുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | ഗ്രാമപഞ്ചായത്തിന്റെ പേര് | നൽകിയ ബ്ലോക്കു വിഹിതം |
|---|---|---|
| 1. | ശാസ്താംകോട്ട | 6,00,000 |
| 2. | പടിഞ്ഞാറേ കല്ലട | 5,00,000 |
| 3. | മൈനാഗപ്പള്ളി | 5,00,000 |
| 4. | കുന്നത്തൂർ | 3,00,000 |
| 5. | ശൂരനാട് വടക്ക് | 9,00,000 |
| 6. | ശൂരനാട് തെക്ക് | 7,00,000 |

| | | |
|---|---|---|
| 7. | പോരുവഴി | 3,00,000 |
| | **ആകെ:** | **38,00,000** |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. വിനിയോഗവിവരത്തിന്റെ അഭാവത്തിൽ 38,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം.6/22.2.2019.**

## 3-5 സ്വയം സഹായസംഘങ്ങൾക്ക് കറവപ്പശു വിതരണം- ഇൻഷ്വറൻസ് രേഖകൾ ലഭ്യമാക്കിയില്ല.

പ്രോജക്ട് നം. : 100/18

നിർവ്വഹണോദ്യോഗസ്ഥൻ :ക്ഷീര വികസന ഓഫീസർ

അടങ്കൽ :10,00,000/-രൂപ

ഫണ്ടിനം : വികസനഫണ്ട് – 5,00,000/-രൂപ

ഗ്ര. വി.- 5,00,000

ചെലവ് :5,00,000/-രൂപ

ബിൽ നം. :(1)5/15.2.2018 – 2,50,000/-രൂപ
(2)7/22.3.2018 – 2,50,000/-രൂപ

സ്വയം സഹായസംഘങ്ങൾക്ക് കറവപ്പശു വിതരണം എന്ന ടി പ്രോജക്ട് പ്രകാരം കുടുംബശ്രീയുടെ നാല് ജെ.എൽ.ജി.ഗ്രൂപ്പുകൾക്ക് കറവപ്പശുക്കളെ വാങ്ങുന്നതിനായി 1,25,000/- രൂപ വീതം സബ്സിഡി അനുവദിച്ചു. അഞ്ച് പേർ വീതമടങ്ങുന്ന ഓരോ ഗ്രൂപ്പും ബാങ്ക് ലോൺ ഉപയോഗിച്ച് അഞ്ച് പശുക്കളെ വീതം വാങ്ങി ഇൻഷ്വർ ചെയ്യുകയും സബ്സിഡി തുക ബന്ധപ്പെട്ട ബാങ്കിന്റെ ലോൺ അക്കൗണ്ടിലേക്ക് നൽകുകയുമാണ് ചെയ്യുന്നത്. ഇപ്രകാരം സബ്സിഡി അനുവദിച്ച നന്ദിനി ജെ.എൽ.ജി. എന്ന സ്വയം സഹായസംഘം പശുക്കളെ വാങ്ങി ഇൻഷ്വർ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുമില്ല. ഈ സാഹചര്യത്തിൽ 1,25,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**ഓഡിറ്റ് എൻക്വയറി നം.6/22.2.2019**

## 3-6 ബ്ലോക്കുപഞ്ചായത്ത് ഓഫീസിന് റീവയറിംഗ്- ചെയ്യാത്ത പ്രവൃത്തിക്ക് തുക നൽകി.

പ്രോജക്ട് നം. 112/18

അടങ്കൽ : 5,25,000/-രൂപ

ഫണ്ടിനം : മെയിന്റനൻസ് ഗ്രാന്റ്(നോൺ റോഡ്)

ചെലവ് : 5,06,013/-രൂപ

ബിൽ നം. : 26/8.2.2018

കരാറുകാരൻ : ശ്രീ ജെ. സുധാകരൻ

കരാർ നം. : 5/എ.ഇ.ഇ./17-18/9.11.2017

എം.ബുക്ക്: 14/2017-18

ഇലക്ട്രിക്കൽ വർക്സ് (എൽ.എസ്.ജി.ഡി.), കൊല്ലം പാനൽ എഞ്ചിനീയറുടെ എസ്റ്റിമേറ്റ് പ്രകാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി ചെയ്ത ബ്ലോക്കുപഞ്ചായത്ത് ഓഫീസിന് റീവയറിംഗ് എന്ന പ്രവൃത്തിയുടെ 11,12 ഇനങ്ങളായി രണ്ട് എക്സ്ഹോസ്റ്റ് ഫാനുകൾ കുഴിയെടുത്ത് സ്ഥാപിച്ചതിന് ഫൈനൽ ബിൽ പ്രകാരം തുക നൽകിയിട്ടുണ്ട്. എന്നാൽ ഒരു എക്സ്ഹോസ്റ്റ് ഫാൻ മാത്രമേ (സർവ്വർ റൂമിലേത്) സ്ഥാപിച്ചിട്ടുള്ളൂ എന്ന് സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരം അധികം നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു;

| നം. | ഇനം. | അധികം നൽകിയ തുക |
|---|---|---|
| 10. | എക്സ്ഹോസ്റ്റ് ഫാൻ സ്ഥാപിക്കുന്നതിനായി കുഴിയിടൽ (ഒരെണ്ണം) | 294/- രൂപ |
| 11. | 300/305mm സിംഗിൾ ഫേസ് എക്സ്ഹോസ്റ്റ്ഫാൻ ഒരെണ്ണം | 1,800/-രൂപ |
| | ആകെ | 2,094/-രൂപ |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 2,094/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം.10/23.2.2019.**

## 3-7 വേതനം നല്കിയ ഇനത്തിൽ പ്രതിമാസ പരമാവധി പരിധി പാലിച്ചിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിലെ ദിവസവേതന ജീവനക്കാരായ ഡ്രൈവർമാർക്ക് വേതനം നല്കിയതിൽ പ്രതിമാസ പരമാവധി പരിധി പാലിച്ചിട്ടില്ല.

ധനകാര്യവകുപ്പിന്റെ 28.04.17 ലെ സ.ഉ.(അച്ചടി) 56/17 -ാം നമ്പർ ഉത്തരവ് പ്രകാരം ഡ്രൈവറിൻെറ ദിവസവേതനം 685/- നിരക്കിൽ ഒരുമാസത്തേക്ക് അനുവദനീയമായ പരമാവധി തുക 18,450/- രൂപയാണ്. എന്നാൽ ബ്ളോക്ക് പഞ്ചായത്തിലെ ഡ്രൈവർമാരായ ശ്രീ.വിപിൻകുമാർ ,ശ്രീമുരുകൻ എന്നിവർക്ക് പ്രതിമാസ വേതന പരിധി അധികരിച്ച് തുക നൽകിയതിൻെറ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഡ്രൈവർ | ചെക്ക് നം. തീയതി | അനുവദിച്ച തുക | അനുവദ നീയമായ | വ്യത്യാസം (രൂപ) |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | തുക | |
| 1 | വിപിൻകുമാർ | 2119465,5/6/17 | 20,550 | 18,450 | 2,100/- |
| | | 2119477,5/7/17 | 18,495 | 18,450 | 45/- |
| | | 2151008,25/8/17 | 18,495 | 18,450 | 45/- |
| | | 2151035,7/11/17 | 18,495 | 18,450 | 45/- |
| | | 2121061,6/12/17 | 18,495 | 18,450 | 45/- |
| | | 2151074,3/1/18 | 18,495 | 18,450 | 45/- |
| | | 2151402,2/2/18 | 18,495 | 18,450 | 45/- |
| 2 | ശ്രീമുരുകൻ | 2119464,5/6/17 | 18,495 | 18,495 | 45/- |
| | | | | **ആകെ** | **2,415/-** |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവിനത്തിൽ നഷ്ടമായ 2,415/-രൂപ ഒടുക്കുവരുത്തി രേഖകൾ ഹാജരാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം. 8,തീയതി-22/2/19**

## 3-8 കമ്പ്യൂട്ടർ ഓപ്പറേറ്റിംഗ് സിസ്റ്റം - ഒറിജിനൽ ലഭ്യമായില്ല 39,600/- രൂപ നിരാകരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നം | 15/18 |
| പ്രോജക്ടിന്റെ പേര് | ബ്ലോക്ക് പഞ്ചായത്തിനും വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടർ |
| അടങ്കൽ തുക | 2,00,000/- രൂപ |
| ചെലവ് തുക | 1,98,400 /- രൂപ |
| ബിൽ നം./ തീയതി | 51 / 18 തീ .07.03.18 |
| തുക | 1,98,400 /- രൂപ |
| നിർവ്വഹണം | സെക്രട്ടറി |

സെക്രട്ടറി നിർവഹണം നടത്തിയ ബ്ലോക്ക് പഞ്ചായത്തിനും വിട്ടുകിട്ടിയ സ്ഥാപനങ്ങൾക്കും കമ്പ്യൂട്ടർ എന്ന പ്രോജക്ട് പ്രകാരം ഹൈടെക് കമ്പ്യൂട്ടേഴ്സ്, കരുനാഗപ്പള്ളി എന്ന സ്ഥാപനത്തിന് നാല് ഡെസ്ക്ടോപ്പ് കമ്പ്യൂട്ടറുകളുടെയും നാല് വിൻഡോസ് 10 Pro 64 Bit ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളുടെയും വിലയായി 1,98,400/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ സിസ്റ്റമൊന്നിന് 9,900 /- രൂപ വീതം നൽകി വാങ്ങിയ

ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾ അസൽ ആണെന്ന് തെളിയിക്കുന്ന യാതൊരു രേഖകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഒറിജിനൽ ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളാണ് കമ്പ്യൂട്ടറുകളിൽ ഇൻസ്റ്റാൾ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുന്ന ലൈസൻസ് രേഖകൾ ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ഓപ്പറേറ്റിംഗ് സിസ്റ്റത്തിന്റെ ലൈസൻസ് രേഖകൾ വിതരണ ഏജൻസിയിൽ നിന്നും വാങ്ങി ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ഒറിജിനൽ ലൈസൻസ് രേഖകൾ സ്ഥാപനത്തിന്റെ സ്വന്തമായിരിക്കണമെന്നുള്ളതിനാലും പ്രസ്തുത രേഖകൾ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഒറിജിനൽ ഓപ്പറേറ്റിംഗ് സിസ്റ്റത്തിനായി ചെലവഴിച്ച 39,600/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.ഒറിജിനൽ ഓപ്പറേറ്റിംഗ് സിസ്റ്റം കമ്പ്യൂട്ടറുകളിൽ ഇൻസ്റ്റാൾ ചെയ്തതായി വ്യക്തമാക്കുന്ന ക്ഷമതയുള്ള അധികാര കേന്ദ്രത്തിൽ നിന്നുള്ള സാക്ഷ്യപത്രം ഹാജരാക്കി നിരാകരണം തീർപ്പാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം .-5/21.02.19**
**നിരാകരിച്ച തുക – 39,600/-രൂപ**

## 3-9 സംയുക്ത പ്രോജക്ട് - മുഴുവൻ തുകയും ബ്ലോക്ക് പഞ്ചായത്ത് നൽകി.

| | | | |
|---|---|---|---|
| പ്രോജക്ട് നം | 06/18 | | |
| പ്രോജക്ടിന്റെ പേര് | മാലിന്യസംസ്കരണം – ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ | | |
| അടങ്കൽ തുക | 35,34,000/- രൂപ (വികസനഫണ്ട് – പൊതുവിഭാഗം) | | |
| ചെലവ് തുക(ബിൽ നം./തീയതി) | 5,00,000/-രൂപ (16/18 തീ.02.09.17) (കുന്നത്തൂർ ഗ്രാമപഞ്ചായത്ത്) | 5,00,000/-രൂപ (18/18,തീ.11.09.17) (ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്) | 20,00,000/-രൂപ (24 / 18 തീ .30.10.17) (ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത്) |
| നിർവ്വഹണം | സെക്രട്ടറി | | |

സെക്രട്ടറി നിർവ്വഹണം നടത്തിയ മാലിന്യസംസ്കരണം ഗ്രാമ പഞ്ചായത്തുകൾക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ എന്ന പ്രോജക്ട് പ്രകാരം 5,00,000/- രൂപ കുന്നത്തൂർ ഗ്രാമപഞ്ചായത്തിനും 25,00,000/-രൂപ ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിനും നൽകിയിട്ടുണ്ട്.

മാലിന്യ സംസ്കരണത്തിനായി ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച മാലിന്യ സംസ്കരണ പ്ലാന്റിന് സ്ഥലം വാങ്ങൽ എന്ന പ്രോജക്ടിന്റെ (പ്രോജ നം.166/18) ആകെ അടങ്കൽ 25,00,000/- ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 10

ലക്ഷം രൂപയുമാണ്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം ആവശ്യപ്പെട്ട് ശാസ്താം കോട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി 31. 8.17 ന് നൽകിയ സി-1/936/17 നമ്പർ കത്തിനൊപ്പമുള്ള അനുബന്ധം C3 ഫോറത്തിലുള്ള റിക്വിസിഷൻ പ്രകാരവും 10,00,000/- രൂപ മാത്രമാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

എന്നാൽ 26.10.17 ലെ സി 1-936/17 നമ്പർ കത്ത് പ്രകാരം മാലിന്യ നിർമാർജനവുമായ ബന്ധപ്പെട്ട പദ്ധതികൾക്കായി 20 ലക്ഷം രൂപ അനുവദിച്ച തരണമെന്ന് ബ്ലോക്ക് പഞ്ചായത്തിനോട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിച്ചിട്ടുണ്ട്. ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ഇതേ തീയതിയിലുള്ള ഫോൺ സന്ദേശത്തെത്തുടർന്നാണ് ഇപ്രകാരം കത്ത് നൽകിയതെന്ന് പ്രസ്തുത കത്തിൽ സൂചനയായി രേഖപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച സംയുക്ത പ്രോജക്ടിലെ ആകെ അടങ്കൽ 25 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്ത് വിഹിതം 10 ലക്ഷം രൂപയും ആയിരിക്കെ പ്രോജക്ടിന്റെ മുഴുവൻ തുകയും ബ്ലോക്ക് പഞ്ചായത്ത് അനുവദിച്ച് നൽകിയിരിക്കുകയാണ്.

സംയുക്ത പ്രോജക്ടിനായി വകയിരുത്തിയ തുക മാത്രം ആയതിനായി ആരംഭിച്ചിട്ടുള്ള സ്പെഷ്യൽ TSB അക്കൗണ്ടിൽ ഒറ്റത്തവണയായി സെപ്തം .30 ന് മുമ്പ് നൽകണമെന്ന് 23. I. 1 ലെ ജി.ഒ.(പി) നം. 7/17 / ധ ന . ഉത്തരവിലും സംയുക്ത പ്രോജക്ടുകൾക്കായുള്ള ഫണ്ട് വകയിരുത്തലും കൈമാറ്റ രീതിയും 29 .3 .17ലെ ജി.ഒ.(എം.എസ്) നം.72/17/ത സ്വ.ഭ.വ .ഉത്തരവ് ഖ .6.5. ലും വ്യക്തമാക്കിയിരിക്കെ ഗ്രാമ പഞ്ചായത്തിന്റെ പ്രോജക്ട് പ്രകാരം ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിനുമുള്ള വിഹിതം എത്രയെന്ന് പരിഗണിക്കാതെ പ്രോജക്ട് അടങ്കൽ മുഴുവനായും ബ്ലോക്ക് പഞ്ചായത്ത് നൽകിയത് മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള 7 ഗ്രാമ പഞ്ചായത്തുക്കൾക്ക് വിഹിതം നൽകാനായാണ് പ്രോജക്ട് തയ്യാറാക്കിയതെന്നും മറ്റ് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് യഥാസമയം റിക്വസ്റ്റ് ലഭിക്കാത്തതിനാൽ ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 20 ലക്ഷം രൂപ കൂടി ഗ്രാമപഞ്ചായത്തിന് അനുവദിച്ചു എന്നും മറുപടി നൽകിയിട്ടുണ്ട്. ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന് നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്തും ബ്ലോക്കു പഞ്ചായത്തും ചേർന്നുള്ള സംയുക്ത പ്രോജക്ടിന്റെ മുഴുവൻ തുകയും ബ്ലോക്ക് പഞ്ചായത്ത് വകയിരുത്തി ഗ്രാമപഞ്ചായത്തിന് കൈമാറിയ നടപടി മാർഗനിർദ്ദേശങ്ങളുടെ ലംഘനമാകയാൽ പ്രസ്തുത തുക വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ കുന്നത്തൂർ ഗ്രാമപഞ്ചായത്തിന് നൽകിയ 5 ലക്ഷം രൂപയുമുൾപ്പെടെ 30 ലക്ഷം രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. സർക്കാർ സാധൂകരണം വാങ്ങിയും തുകയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയും തടസം

തീർപ്പാക്കേണ്ടതാണ്. തുക വിനിയോഗിച്ചിട്ടില്ലാത്തപക്ഷം സഞ്ചിതനിധിയിൽ തിരിച്ചടക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

**തടസപ്പെടുത്തിയ തുക- 30,00,000/- രൂപ**

**ഓഡിറ്റ് എൻക്വയറി നം .-5/21.02.19**

# 3-10 പദ്ധതി പൂർത്തീകരണ ധനവിനിയോഗ വിവരങ്ങൾ ഇല്ല.

ബ്ലോക്ക് പഞ്ചായത്ത് കൊല്ലം ജില്ലാ പഞ്ചായത്തുമായും വിവിധ ഗ്രാമപഞ്ചായത്തുകളുമായി ചേർന്നും അക്രഡിറ്റഡ് ഏജൻസികൾ മുഖേനയും നടപ്പിലാക്കിയ പദ്ധതികളുടെ പൂർത്തീകരണ ധനവിനിയോഗ രേഖകൾ ഇല്ല .പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ.നം./ പേര്. | നൽകിയ തുക (രൂപ) | ബിൽനം. തീ . | ഏജൻസി |
|---|---|---|---|---|
| 1 | 29/18,പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - വാട്ടർ അതോറിറ്റിക്ക് വിഹിതം നൽകൽ | 7,29,673/- | 35/6.1.18 | KWA |
| 2 | 130/18,കാർഷികോല്പന്ന വിപണന സംവിധാനം - വെസ്റ്റ് കല്ലട പഞ്ചായത്തിന് വിഹിതം നൽകൽ | 5,00,000/- | 28/30.10.17 | പ ടി. കല്ലട ഗ്രാ .പ. |
| 3 | 32/18,ശൂരനാട് റൈസ് മിൽ ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 5,00,000/- | 01/31.07.17 | ജില്ലാ പഞ്ചായത്ത് |
| 4 | 34/18,പള്ളിക്കലാറിന്റെ സംരക്ഷണം ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 1,00,000/- | 02/31.07.17 | ജില്ലാ പഞ്ചായത്ത് |
| 5 | 09/18,ശാസ്താംകോട്ട തടാക നവീകരണം ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 5,00,000/- | 03/31.07.17 | ജില്ലാ പഞ്ചായത്ത് |
| 6 | 10/18,ചക്കുവള്ളി ചിറ നവീകരണവും കുട്ടികളുടെ പാർക്കും ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | 5,00,000/- | 04/31.07.17 | ജില്ലാ പഞ്ചായത്ത് |
| 7 | 33/18,സൗജന്യ | 2,00,000/- | 05/31.07.17 | ജില്ലാ |

| | | | | |
|---|---|---|---|---|
| | ഡയാലിസിസ് ജില്ലാ പഞ്ചായത്തിന് വിഹിതം നൽകൽ | | | പഞ്ചായത്ത് |
| | **ആകെ** | **30,29,673/-** | | |

മേൽ സൂചന അപാകതകളിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രോജക്ട് പൂർത്തീകരിക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം വാങ്ങി ഓഡിറ്റിന് സമർപ്പിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്. തുകകൾ നിക്ഷേപിച്ചുവെങ്കിലും പൂർത്തീകരിക്കപ്പെടാത്ത പ്രോജക്ടുകൾക്കായി ചെലവഴിച്ച 30,29,673/- രൂപ ഓഡിറ്റിൽ തടസപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം തീർപ്പാക്കുന്നതാണ്.

**തടസ്സപ്പെടുത്തിയ തുക- 30,29,673/- രൂപ**

**ഓഡിറ്റ് എൻക്വയറി നം .-5/21.02.19**

## 3-11 സംയുക്ത പ്രോജക്ടുകൾ - ശേഷിക്കുന്ന തുക തിരിച്ചടച്ചില്ല, വിനിയോഗരേഖകൾ ഇല്ല

അസി. പ്രോജക്ട് ഓഫീസർ നിർവ്വഹണം നടത്തിയ സംയുക്ത പ്രോജക്ടുകൾ പ്രകാരം വിവിധ ഗ്രാമ പഞ്ചായത്തുകൾക്ക് വിഹിതം നൽകിയെങ്കിലും ചെലവഴിക്കപ്പെടാതെ ശേഷിക്കുന്ന തുക തിരികെ ഒടുക്കുകയോ മതിയായ വിനിയോഗ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോ.നം./പേര് | ബിൽനം./ തീ . | തുക (രൂപ) | കുറിപ്പുകൾ |
|---|---|---|---|---|
| 1 | **വനിതകൾക്ക് കറവപ്പശുവളർത്തൽ** | **02/18 06.01.18** | **16,53,000/-** | ബിൽതുകയിൽ നിന്നും 4,53,000/- രൂപ ശൂരനാട് വടക്ക് ഗ്രാ.പഞ്ചായത്തിന് നൽകിയെങ്കിലും 4,25,000/- രൂപ മാത്രമാണ് ചെലവഴിച്ചതെന്ന് വിനിയോഗ സാക്ഷ്യപത്രം നൽകി. ശേഷിക്കുന്ന തുക തിരിച്ചടച്ചില്ല. |

| | | | | |
|---|---|---|---|---|
| 2 | 139/18<br>പോത്തുക്കുട്ടി വളർത്തൽ | 03/18<br>12.01.18 | 6,75,000/- | പ്രസ്തുത തുകകൾ പടി.കല്ലട ഗ്രാമ പഞ്ചായത്തിന് നൽകിയെങ്കിലും 8,84,250/- രൂപ മാത്രമാണ് ചെലവഴിച്ചതെന്ന് വിനിയോഗ സാക്ഷ്യപത്രം നൽകി. ശേഷിക്കുന്ന തുക തിരിച്ചടച്ചില്ല. |
| | | 05/18<br>05.03.18 | 3,75,000/- | |
| | | | | |

മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.ചെലവഴിക്കപ്പെടാതെ ശേഷിക്കുന്ന 1,93,750/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗസാക്ഷ്യപത്രങ്ങൾ ഹാജരാക്കിയോ ശേഷിക്കുന്ന തുക തിരിച്ചടച്ചോ തടസ്സം തീർപ്പാക്കേണ്ടതാണ്.

**തടസപ്പെടുത്തിയ തുക- 1,93,750/- രൂപ**

**ഓഡിറ്റ് എൻക്വയറി നം .-10/23.02.19**

## 3-12 വനിതാ ഘടക പദ്ധതി ഫണ്ട് വകയി രുത്തൽ - മാർഗനിർദ്ദേശങ്ങൾ പാലിച്ചില്ല.

ഗ്രാമ, ബ്ലോക്ക് , ജില്ലാ പഞ്ചായത്തുകൾ പൊതു വിഭാഗം വികസന ഫണ്ട്, എസ്.സി.പി, ടി.എസ്.പി. ഫണ്ടുകൾ എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10% വനിതാ ഘടകപദ്ധതിക്കായി വകയിരുത്തണമെന്നും സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ പ്രയോജനം ലഭിക്കുന്ന വീട് നിർമാണം, കക്കൂസ് നിർമാണം, കുടിവെള്ളം ലഭ്യമാക്കൽ മുതലായവയും സമാന സ്വഭാവമുള്ളവയും വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്താവുന്നതല്ല എന്നും 29. 3.17 ലെ ജി.ഒ.(എം.എസ്.) നം. 72/17/ത സ്വഭവ ഉത്തരവിൽ വ്യക്തമാക്കിയിരിക്കെ പദ്ധതി ആസൂത്രണം സംബന്ധമായ പ്രസ്തുത മാർഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഭവനനിർമാണ പദ്ധതികൾക്കായി വകയിരുത്തിയ തുകകൾ കൂടി വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി.

വനിതാ ഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഭവന നിർമാണ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു .

| ക്രമ നം. | പ്രോ. നം. / പേര് | വകയിരുത്തിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 17/18<br>PMAYഅധിക ധനസഹായം (ജനറൽ)-2016-17 | 6,72,000/- | 6,72,000/- |
| 2 | 24/18<br>PMAYഅധിക ധനസഹായം (എസ്.സി.പി.)-2016-17 | 34,56,000/- | 34,56,000/- |
| 3 | 25/18<br>PMAYഅധിക ധനസഹായം (എസ്.സി.പി.)-2017-18 | 12,32,000/- | 11,20,000/- |
| 4 | 31/18<br>PMAYഅധിക ധനസഹായം (ജനറൽ)-2017-18 | 3,52,000/- | 3,22,618/- |

പൊതുവിഭാഗം വികസന ഫണ്ടിൽ നിന്നും എസ്.സി.പി., ടി.എസ്.പി. ഫണ്ടുകളിൽ നിന്നും 10 % വകയിരുത്തണമെന്ന നിർദ്ദേശപ്രകാരം വകയിരുത്തേണ്ട തുക 64,39,674/- രൂപയായിരുന്നു. വനിതാ ഘടകപദ്ധതിക്കായി പ്രസ്തുത ഫണ്ടുകളിൽ നിന്ന് 72,98,359/- രൂപ വകയിരുത്തിയെങ്കിലും ആയതിൽ 57,12,000/- രൂപയും ഭവന നിർമാണ പദ്ധതികൾക്ക് വേണ്ടിയാണ്. പദ്ധതി ആസൂത്രണ മാർഗരേഖയിലെ നിർദ്ദേശം പരിഗണിച്ച് വനിത ഘടകപദ്ധതിയിൽ ഉൾപ്പെടുത്താവുന്ന പ്രോജക്ടുകൾക്കായി 64,36,674/- രൂപ വകയിരുത്തേണ്ടതിന് പകരം കേവലം 15,86,359/- രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. മേൽ സൂചന അപാകതയിന്മേൽ വിശദീകരണം തേടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല.

പദ്ധതി ആസൂത്രണ മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ച് മതിയായ വിഹിതം വകയിരുത്തി വനിതകളുടെ സാമൂഹ്യ-സാമ്പത്തിക പദവികൾ ഉയർത്തുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
**ഓഡിറ്റ് എൻക്വയറി നം.11/ 23.02.19**

## 3-13 മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ-മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല

1.മെഡിക്കൽ ഓഫീസർ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, ശൂരനാട് നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റിന്റെ പേര്/ നം | സ്ഥാപനത്തിന്റെ പേര് | ബിൽ നം/ തീയതി | മരുന്നു- കളുടെ ആകെ വില, (പ്രോഫോമ നം.തീ) | ലഭ്യമാ ക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വില |
|---|---|---|---|---|
| ശൂരനാട് സി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ, നം.38/18 | കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ | 2/17-18,25/10/17 | 2,00,000/-രൂപ (നം.476,2/9/2017) | 8,940/-രൂപ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥൻ അറിയിച്ചു.

**ഓഡിറ്റ് എൻക്വയറി നം.3, തീ.16/2/19**

**2.സി.എച്ച്.സി, മെഡിക്കൽ ഓഫീസർ , മൈനാഗപ്പള്ളി, നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ മരുന്നുകൾ ഇനിയും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.**

| പ്രോജക്റ്റിന്റെ പേര്/നം | സ്ഥാപനത്തിന്റെ പേര് | ബിൽ നം/ തീയതി | മരുന്നു- കളുടെ ആകെ വില (രൂപ) | ലഭിക്കു വാനുള്ള മരുന്നിന്റെ വില (പ്രോഫോമ നം.,തീ) |
|---|---|---|---|---|
| മൈനാഗപ്പള്ളി സി.എച്ച്.സി.യ്ക്ക് മരുന്ന് വാങ്ങൽ,നം.66/18 | കേരള മെഡിക്കൽ സർവ്വീസസ്സ് കോർപ്പറേഷൻ | 1/17-18,21/2/18 | 2,00,000/-രൂപ | 12,043/-രൂപ (നം.114,13/11/2017)<br>1,840/-രൂപ (നം.2104,13/11/2017)<br>7,152/-രൂപ(നം.116,13/11/2017) |
| | | | ആകെ | 21,035/-രൂപ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് നിർവ്വഹണ-ഉദോഗസ്ഥൻ അറിയിച്ചു.

**ഓഡിറ്റ് എൻക്വയറി നം.1, തീ.15/2/19**

മരുന്നുകൾ അടിയന്തിരമായി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും ലഭ്യമാക്കുന്ന മരുന്നുകൾ സ്റ്റോക്കിലെടുത്ത് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ആരോഗ്യസ്റ്റാന്റിംഗ് കമ്മറ്റിയുടെ ഇടപെടലുകൾ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.

# ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക (രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് (രൂപ) |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 47,88,935 | പി.എം.എ.വൈ | 47,88,935 | - |
| ഗ്രാമ പഞ്ചായത്ത് | 2017-18 | 1,54,41,390 | പി.എം.എ.വൈ | 1,51,89,302 | 2,52,088 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നം. | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 35/6.1.2018 | 7,29,673 | 0 | 7,29,673 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 മുതൽ 2004-05 വരെ | 3.25 | 2007-08 | 3.10.1 | കൊയ്ത്ത് മെതിയന്ത്രം വാങ്ങുന്നതിനുള്ള പദ്ധതി-ആത്യന്തികമായി പാഴ്ച്ചെലവായി മാറി | |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 19,76,38,697 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 14,25,16,999 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 44,109 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1,09,78,423 |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-6 | | 2,094/- | ശ്രീമതി.ഷൈജ.ബി , അസ്സി.എക്സി.എഞ്ചിനീയർ |
| 3-7 | | 2,145/- | ശ്രീമതി.സി.രമണി, സെക്രട്ടറി |
| | | 270/- | ശ്രീ.അബ്ദുൽ സലാം ഇ., സെക്രട്ടറി |
| 3-8 | | 39,600/- | ശ്രീ.അബ്ദുൽ സലാം ഇ., സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 3,00,000/ | ശ്രീ.ബിജു സുന്ദർ,പട്ടികജാതി വികസന ഓഫീസർ |
| | 1,00,000/- | ശ്രീമതി.സിന്ധു പി.റ്റി.,പട്ടികജാതി വികസനഓഫീസർ |
| 3-2 | 4,30,000/ | ശ്രീമതി.സിന്ധു പി.റ്റി.,പട്ടികജാതി വികസനഓഫീസർ |
| 3-4 | 38,00,000/- | ശ്രീ.ഷിബി ചക്രവർത്തി,ക്ഷീര വികസന ഓഫീസർ |
| 3-5 | 1,25,000/- | ശ്രീ.ഷിബി ചക്രവർത്തി,ക്ഷീര വികസന ഓഫീസർ |
| 3-9 | 30,00,000/- | ശ്രീ.അബ്ദുൽ സലാം ഇ.,സെക്രട്ടറി |
| 3-10 | 30,29,673/- | ശ്രീ.അബ്ദുൽ സലാം ഇ.,സെക്രട്ടറി |
| 3-11 | 1,93,750/- | ശ്രീമതി.അജിലാസ്റ്റ്,അസി.പ്രോജക്ട് ഓഫീസർ |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഷൈജ ബി., അസ്സി.എക്സി.എൻഞ്ചിനീയർ | അസ്സി.എക്സി.എൻഞ്ചിനീയർ, ചിറ്റുമല ബ്ലോക്ക് പഞ്ചായത്ത് | ശ്രീപുരത്ത് വീട്, ഇളമ്പള്ളൂർ, കുണ്ടറ, പിൻ-691501 |
| ശ്രീമതി.സി.രമണി,സെക്രട്ടറി | ബി.ഡി.ഒ., പാറക്കടവ്, എറണാകുളം | കല്ലറവിൽ, വേങ്ങ, ശാസ്താംകോട്ട |
| ശ്രീ.അബ്ദുൽ സലാം ഇ.,സെക്രട്ടറി | വിരമിച്ചു | ആഷിക്ക് മൻസിൽ, കെ.എസ്.പുരം(പി.ഒ.) കരുനാഗപ്പള്ളി , പിൻ-690544 |
| ശ്രീ.ബിജു സുന്ദർ, പട്ടികജാതി വികസന ഓഫീസർ | പട്ടികജാതി വികസന ഓഫീസർ,മോഡൽ റെസിഡൻഷ്യൽ സ്കൂൾ,പുന്നപ്ര | റോസ് കോട്ടേജ്,സീ വ്യൂ വാർഡ്, ആലപ്പുഴ -688012 |
| ശ്രീമതി.സിന്ധു പി.റ്റി.,പട്ടികജാതി വികസനഓഫീസർ | പട്ടികജാതി വികസന ഓഫീസർ,ശാസ്താംകോട്ട ബ്ളോക്ക് പഞ്ചായത്ത് | പ്ളാംപറമ്പിൽ ഹൗസ് നോർത്ത് ആര്യാട് , അമ്പലപ്പുഴ, ആലപ്പുഴ |
| ശ്രീ.ഷിബി ചക്രവർത്തി, ക്ഷീര വികസന ഓഫീസർ | വിരമിച്ചു | സൗപർണ്ണിക, മതിലിൽ ,കൊല്ലം |
| ശ്രീമതി.അജിലാസ്റ്റ്, | അസി.പ്രോജക്ട് ഓഫീസർ | ചൈതന്യ, |

| | | |
|---|---|---|
| അസി.പ്രോജക്ട് ഓഫീസർ | RAIC,<br>ശാസ്താംകോട്ട | ഭരണിക്കാവ് പി.ഒ.,<br>ശാസ്താംകോട്ട |

# 4-10 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1995-96 മുതൽ 1997-98 വരെ | കെ.എസ്.എ.-കെ.എൽ.എം.-പി 10-458(1)/18, 24/3/2018 |
| 1998-99 മുതൽ 2004-05 വരെ | കെ.എസ്.എ.-കെ.എൽ.എം.-പി 10-458(2)/18, 24/3/2018 |
| 2005-06 | കെ.എസ്.എ.-കെ.എൽ.എം.-പി 10-458(3)/18, 24/3/2018 |
| 2006-07 | എൽ.എഫ്.ക്യൂ.ഡി.ബി-320/09, 6-3-10 |
| 2007-08 | എൽ.എഫ്.ക്യൂ.ഡി.ബി-755/10, 6-3-10 |
| 2008-09 | എൽ.എഫ്.ക്യൂ.ഡി.ബി-751/10, 8-3-11 |
| 2009-10 | എൽ.എഫ്.ക്യൂ.ഡി.ബി-1914/11, 9-4-12 |
| 2010-11 | എൽ.എഫ്.ക്യൂ.ഡി.ബി-1915/11,10-4-12 |
| 2011-12 | എൽ.എഫ്.ക്യൂ.ഡി.ബി-1406/13, 18-12-13 |
| 2012-13 & 2013-14 | എൽ.എഫ്.ക്യൂ.ഡി.ബി-2676/14, 16-5-15 |
| 2014-15 & 2015-16 | കെ.എസ്.എ.-കെ.എൽ.എം.-ഡി.ബി.-1513/17,22/03/17 |
| 2016-17 | കെ.എസ്.എ.-കെ.എൽ.എം.-പി 10/2001/2007, ,7/12/2017 |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

# അനുബന്ധം-1 ഓഡിറ്റ് സാക്ഷ്യപത്രം 2017-18

നം.കെ.എസ്.എ-കെ.എൽ.എം-പി-10/403/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

ഫോൺ. 0474-2740141

E-mail: doklm.ksad@kerala.gov.in

തീയതി -9.4.2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ **ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18** വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന്റെ 2017-18** ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം,കൊല്ലം**

# അനുബന്ധം-2 സംക്ഷിപ്തം (Audited Abstract)

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം